റഫ് നമ്പർ : DCKNR/10390/2017/സി1

കണ്ണൂർ ജില്ലാ കളക്ടറുടെ 27/12/2019 തീയ്യതിയിലെ നടപടിക്രമം
(സാന്നിദ്ധ്യം- സുഭാഷ് ടി വി ഐ എ എസ്)

വിഷയം:- -RFCT LARR Act 2013 –പാട്യം ഗ്രാമപഞ്ചായത്തിലെ പാട്യം അംശം ദേശത്ത് കൊട്ടയോടിയിൽ വാഗ്ഭടാനന്ദ സംസ്കാരിക കേന്ദ്രം സ്ഥാപിക്കുന്നതിന് വേണ്ടി 87.0074 ആർ ഭൂമി RFCTLARR Act, 2013 പ്രകാരം ഏറ്റെടുക്കൽ – സാമൂഹ്യ പ്രത്യാഘാതപഠന റിപ്പോർട്ട് , എക്സ്പേർട്ട് ഗ്രൂപ്പ് ശുപാർശ എന്നിവ പരിശോധിച്ച് ഭൂമി ഏറ്റെടുക്കേണ്ടതിൽ അന്തിമ തീരുമാനം പുറപ്പെടുവിക്കുന്നത് – സംബന്ധിച്ച്

സൂചന:- 1)ഡയറക്ടർ, സാംസ്കാരിക വകുപ്പിന്റെ പി4-2897/17/സാംകാവ തി.06/07/2018 നമ്പർ കത്ത്.

2) സർക്കാർ ഉത്തരവ് നം. സ ഉ ( സാധാ )304/2018/ സാം. കാ. വ തിയതി 20/04/2018

3) റവന്യൂ (ബി) വകുപ്പിന്റെ 29/06/2016 ലെ GO(P) No. 376/2016/RD, GO(P) No 377/2016/RD നമ്പർ ഉത്തരവുകൾ.

4) ജില്ലാകലക്ടറുടെ 09.09.2016 ലെ DCKNR/7005/16/സി1 നടപടിക്രമം

5) ചെയർമാൻ, വിജിൽ, മട്ടന്നൂരിന്റെ 04.11.2019 തിയതിയിലെ റിപ്പോർട്ട്.

6) ചെയർമാൻ, വിദഗ്ദ്ധ ഗ്രൂപ്പിന്റെ 18.12.2019 തിയതിയിലെ റിപ്പോർട്ട്.

*********************

എൽ എ ആർ ആർ ആക്ട് 2013 (The Right to Fair Compensation and Transparency in Land Acquisition , Rehabilitation and Resettlement Act 2013) പ്രകാരം പാട്യം ഗ്രാമപഞ്ചായത്തിലെ പാട്യം അംശം ദേശത്ത് കൊട്ടയോടിയിൽ വാഗ്ഭടാനന്ദ സംസ്കാരിക കേന്ദ്രം സ്ഥാപിക്കുന്നതിന് വേണ്ടി 87.0074 ആർ ഭൂമി RFCTLARR Act,2013 പ്രകാരം ഏറ്റെടുക്കുന്നതിന് അർത്ഥനാധികാരിയായ സാംസ്കാരിക വകുപ്പ്ഡയറക്ടർ, സൂചന (1) പ്രകാരം ഫോറം നമ്പർ 2 ൽ അർത്ഥന സമർപ്പിച്ചിരുന്നതും ടി ഭൂമി ഏറ്റെടുക്കുന്നതിന് സൂചന (2) പ്രകാരം സർക്കാരിന്റെ ഭരണാനുമതി ലഭിച്ചതുമാണ്.

200 ആർ വരെ ഭൂമി ഏറ്റെടുക്കേണ്ട സാഹചര്യത്തിൽ അതാത് ജില്ലാകലക്ടറെ സമുചിത സർക്കാറായി സൂചന (3)സർക്കാർ ഉത്തരവ് പ്രകാരം പ്രഖ്യാപിച്ചിട്ടുള്ളതിനാൽ ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് ബാധിക്കപ്പെട്ട പ്രദേശത്ത് സാമൂഹ്യ പ്രത്യാഘാത പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് വിജിൽ, മട്ടന്നൂർ എന്ന ഏജൻസിയെ നിയമിക്കുകയും അതുപ്രകാരം ഏജൻസിയുടെ ചെയർമാൻ സൂചന (5) പ്രകാരം പഠന റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

സൂചന (3) സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് വിലയിരുത്തുന്നതിനായി വിദഗ്ദ്ധ ഗ്രൂപ്പിനെ RFCTLARR Act 2013 ലെ വകുപ്പ് 7(1) പ്രകാരം രൂപീകരിച്ചിരുന്നു. വിദഗ്ദ്ധ ഗ്രൂപ്പ് ചെയർമാൻ സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് വിലയിരുത്തി സൂചന (6) പ്രകാരം ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

പ്രസ്തുത ശിപാർശയിൽ സംസ്ഥാനസർക്കാരിന്റെ പൂർണ്ണ ഉടമസ്ഥതയിൽ പൊതുജനങ്ങളുടെ ആവശ്യത്തിന് വേണ്ടി ഒരു സംസ്കാരിക കേന്ദ്രം എന്ന ഉദ്ദേശത്തോടെ നടപ്പിലാക്കുന്ന ഈ പദ്ധതി ഒരു പൊതുആവശ്യത്തിനാണെന്നും വാഗ്ഭടാനന്ദ ഗുരു പാട്യം എന്ന സ്ഥലത്ത് കേന്ദ്രീകരിച്ചാണ് സാമൂഹ്യപരിഷ്കരണപ്രവർത്തനങ്ങൾ നടത്തിയത് എന്നതിനാൽ

സംസ്കാരിക കേന്ദ്രം പാട്യത്ത് തന്നെ നിർമ്മിക്കുന്നതാണ് ഉചിതമെന്നും പ്രസ്തുത സംസ്കാരിക കേന്ദ്രം പൂർണ്ണമായതോതിൽ പൊതുജനങ്ങൾക്ക് ഉപയോഗയോഗ്യമാകണമെങ്കിൽ നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ അത്യാവശ്യമാണെന്നും ആയതിനായി കുറഞ്ഞ അളവിലുള്ള ഭൂമി മാത്രമേ ഏറ്റെടുക്കുന്നുള്ളുവെന്നും ഈ ഭൂമി ഏറ്റെടുക്കൽ പദ്ധതിയുമായി ബന്ധപ്പെട്ട് ആരും തന്നെ കുടിയൊഴിപ്പിക്കപ്പെടാത്തതിനാൽ പുനരധിവാസ പ്രശ്നങ്ങൾ ഇല്ലാത്തതും മറ്റ് പരിസ്ഥിതി പ്രശ്നങ്ങൾ ഇല്ലാത്തതുമായതിനാൽ നിർദ്ദിഷ്ട സ്ഥലം ഏറ്റവും അനുയോജ്യമാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഭൂവുടമകൾക്കുണ്ടാകുന്ന നഷ്ടം ന്യായമായ നഷ്ടപരിഹാരം നൽകുന്നതിലൂടെ പരിഹരിക്കുമെന്നതിനാലും സംസ്കാരിക കേന്ദ്രത്തിന്റെ പ്രയോജനം കേരളത്തിലെ മുഴുവൻ ജനങ്ങൾക്കും ലഭിക്കുമെന്നതിനാലും സാമൂഹ്യ പ്രത്യാഘാതത്തെക്കാൾ പൊതുജനങ്ങൾക്ക് ലഭിക്കുന്ന നേട്ടം ഉന്നതമാണെന്നതിനാലും പ്രസ്തുത ഏറ്റെടുക്കൽ പദ്ധതിയോട് യോജിക്കുന്നതായും വിദഗ്ദ്ധസമിതി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ പാട്യം ഗ്രാമപഞ്ചായത്തിലെ പാട്യം അംശം ദേശത്ത് കൊട്ടയോടിയിൽ വാഗ്ഭടാനന്ദ സംസ്കാരിക കേന്ദ്രം സ്ഥാപിക്കുന്നതിന് വേണ്ടി 87.0074 ആർ ഭൂമി ഏറ്റെടുക്കുന്നത് ഒരു പൊതുആവശ്യത്തിനാണെന്നും ആയതിലേക്ക് കുറഞ്ഞ അളവിലുള്ള ഭൂമി മാത്രമേ ഏറ്റെടുക്കുന്നുള്ളുവെന്നും പ്രസ്തുത സംസ്കാരിക കേന്ദ്രം പൂർണ്ണമായതോതിൽ പൊതുജനങ്ങൾക്ക് ഉപയോഗയോഗ്യമാകണമെങ്കിൽ നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ അത്യാവശ്യമാണെന്നും ബോധ്യപ്പെട്ടിട്ടുള്ളതിനാൽ മേൽപ്പറഞ്ഞ 87.0074 ആർ ഭൂമി നിർദ്ധിഷ്ട ആവശ്യത്തിലേക്ക് RFCTLARR Act 2013 ലെ വകുപ്പുകൾക്കും ചട്ടങ്ങൾക്കും വിധേയമായി ഏറ്റെടുക്കുന്നതിന് സമുചിത സർക്കാർ എന്ന നിലയിൽ ഇതിനാൽ ഉത്തരവാകുന്നു.

SUBHASH TV
DISTRICT COLLECTOR
കണ്ണൂർ

പകർപ്പ്:

1. ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തൈക്കാട് പി ഒ,തിരുവനന്തപുരം -14
2)സ്പെഷ്യൽ തഹസിൽദാർ (എൽ എ)ജനറൽ, തലശ്ശേരി
3) തഹസിൽദാർ, തലശ്ശേരി
4)സിക്രട്ടറി, പാട്യം ഗ്രാമപഞ്ചായത്ത്
5)വില്ലേജ് ഓഫീസർ, പാട്യം, സ്റ്റോക്ക് ഫയൽ

Signature valid

Digitally signed by SUBASH T V
Date: 2019.12.27 15:40:50 IST
Reason: Approved